REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 02-10-2024** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- ഇന്ന് ഗാന്ധി ജയന്തി. രാജ്യത്തെ ശുചിത്വ കാമ്പയിനിൽ എല്ലാവരും അണി ചേരണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- ശുചിത്വ ഇന്ത്യ ലക്ഷ്യം നേടിയെടുക്കാൻ നിരന്തര പരിശ്രമം അനിവാര്യമാണെന്നും പ്രധാനമന്ത്രി.
- മാലിന്യനിർമ്മാർജ്ജനവും, ശാസ്ത്രീയസംസ്കരണവും അതിപ്രധാനമാണെന്ന് തിരിച്ചറിയണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- സ്വർണ്ണ കടത്ത് വിഷയത്തിൽ മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽ റിപ്പോർട്ട് ആവശ്യപ്പെട്ട് കത്ത് നൽകുമെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ.
- വൈദ്യുതി ഓട്ടോറിക്ഷകൾക്ക് 25 ശതമാനം സബ്സിഡി നൽകുന്ന നയം തുടരാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചു.
- സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് തിരുവനന്തപുരം കൊമ്പൻസ്, മലപ്പുറം FC യുമായി ഏറ്റുമുട്ടും.

## വാർത്തകൾ വിശദമായി

**രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 155-ാം ജന്മവാർഷികത്തിൽ രാജ്യം ഇന്ന് അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിക്കുന്നു. മഹാത്മാഗാന്ധിയുടെ സമാധിസ്ഥലമായ ഡൽഹിയിലെ രാജ്ഘട്ടിൽ രാവിലെ സർവമത പ്രാർത്ഥനാ യോഗം സംഘടിപ്പിച്ചു. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി**

നരേന്ദ്രമോദി തുടങ്ങി പ്രമുഖർ പരിപാടിയിൽ പങ്കെടുത്തു. രാജ്യവ്യാപകമായി ഗാന്ധിജയന്തി ദിനാഘോഷങ്ങൾ രാവിലെ സംഘടിപ്പിച്ചിരുന്നു.

മുൻ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രിയുടെയും ജന്മവാർഷിക ദിനമാണ് ഇന്ന്. ഡൽഹിയടക്കം പ്രധാന കേന്ദ്രങ്ങളിൽ ലാൽ ബഹദൂർ ശാസ്ത്രി ജയന്തി ദിനാഘോഷവും സംഘടിപ്പിച്ചു.

✪✪✪

ഗാന്ധിജയന്തി ദിനത്തിൽ ശുചിത്വ കാമ്പയിനിൽ എല്ലാവരും അണി ചേരണമെന്ന് രാജ്യത്തെ യുവജനതയോട് പ്രധാനമന്ത്രി നരേന്ദ്രമോദി അഭ്യർത്ഥിച്ചു. ഇത് ക്ലീൻ ഇന്ത്യ ആശയത്തെ കൂടുതൽ ശക്തിപ്പെടുത്തുമെന്നും അദ്ദേഹം സമൂഹമാധ്യമ പോസ്റ്റിൽ പറഞ്ഞു.

✪✪✪

ശുചിത്വ ഇന്ത്യ ലക്ഷ്യം നേടിയെടുക്കാൻ നിരന്തര പരിശ്രമം അനിവാര്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ന്യൂഡൽഹിയിൽ സ്വച്ഛ് ഭാരത് മിഷന്റെ 10-ാം വാർഷികാ ഘോഷത്തിന്റെ ഭാഗമായ സ്വച്ഛത ഹി സേവ 2024 പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സ്വച്ഛ് ഭാരത് പ്രസ്ഥാനം വിജയിപ്പിക്കാൻ പ്രയത്നിച്ച എല്ലാവരെയും പ്രധാനമന്ത്രി അഭിവാദ്യം ചെയ്തു. സ്വച്ഛ് ഭാരത് മിഷന്റെ വിജയത്തിനായി എല്ലാവരും സംഭാവന ചെയ്തിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സേവാ പഖ്വാഡയുടെ 15 ദിവസങ്ങളിൽ രാജ്യത്ത് 27 ലക്ഷത്തിലധികം പരിപാടികൾ സംഘടിപ്പിച്ചതായും 28 കോടിയിലധികം ആളുകൾ പങ്കെടുത്തതായും അദ്ദേഹം പറഞ്ഞു.

മഹാത്മാഗാന്ധിയും രാജ്യത്തെ മറ്റ് മഹത് വ്യക്തികളും വിഭാവനം ചെയ്ത ഇന്ത്യ എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ ഈ ദിനം ജനങ്ങളെ പ്രചോദിപ്പിക്കുന്നതായി നരേന്ദ്രമോദി പറഞ്ഞു. 10,000 കോടി രൂപയുടെ ശുചിത്വ പദ്ധതികൾ ഇന്ന് ഉദ്ഘാടനം ചെയ്തിട്ടുണ്ടെന്നും മോദി അറിയിച്ചു.

ന്യൂഡൽഹിയിൽ പ്രധാനമന്ത്രിയും വിദ്യാർഥികൾക്കൊപ്പം ശുചീകരണ യജ്ഞത്തിൽ പങ്കെടുത്തു. പകൽ സമയത്ത് സ്വച്ഛതയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പങ്കെടുക്കാനും സ്വച്ഛ് ഭാരത് മിഷനെ ശക്തിപ്പെടുത്താനും അദ്ദേഹം എല്ലാവരോടും അഭ്യർത്ഥിച്ചു.

✪✪✪

**ഗാന്ധിജയന്തി ദിനത്തിൽ നിയമസഭ ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ നിയമസഭാ സമുച്ചയത്തിലെ ഗാന്ധി പ്രതിമയിൽ പുഷ്പ്പാർച്ചന നടത്തി.**

✪✪✪

**ഗാന്ധിജയന്തി ദിനത്തിൽ തൃശൂർ അരിമ്പൂർ ഗ്രാമപഞ്ചായത്ത് സംഘടിപ്പിച്ച പരിപാടിയിൽ പഞ്ചായത്ത് ഓഫീസിന് മുന്നിലെ ഗാന്ധി പ്രതിമയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പുഷ്പാർച്ചന നടത്തി.**

✪✪✪

**ഗാന്ധിജയന്തി ദിനാഘോഷങ്ങളുടെ ഭാഗമായി ലക്ഷദ്വീപിലും ദ്വീപു തലങ്ങളിലായി വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. കവരത്തി സെക്രട്ടറിയേറ്റിൽ നിന്നാരംഭിച്ച് ഗാന്ധി സ്ക്വയറിൽ സംഗമിച്ച പ്രഭാതഭേരി മാർച്ചിൽ നൂറ് കണക്കിനാളുകൾ പങ്കെടുത്തു. പ്രമുഖർ ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തി .**

✪✪✪

**മാലിന്യനിർമ്മാർജ്ജനവും, ശാസ്ത്രീയസംസ്കരണവും അതിപ്രധാനമാണെന്ന് ഓരോരുത്തരും തിരിച്ചറിയണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം കൊട്ടാരക്കരയിൽ നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. മാലിന്യം തോന്നിയപോലെ കൈകാര്യം ചെയ്യുന്നത് വായു, ജലം, ആഹാരം എന്നിവയുടെ ഗുണനിലവാരത്തെ ദോഷകരമായി ബാധിക്കുന്നതുവഴി ജനങ്ങളുടെ ആരോഗ്യം നശിപ്പിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. 2025 മാർച്ചോടെ മാലിന്യം വലിച്ചെറിയുന്ന പ്രവണ ഇല്ലാതാക്കുകയാണ് ലക്ഷ്യമെന്നും ഇതിന് പൊതു അവബോധം ഉണ്ടാക്കാനാണ് ക്യാമ്പയിനെന്നും മുഖ്യമന്ത്രി പറഞ്ഞു.**

**പുലമൺതോട് പുനരുജ്ജീവന പ്രഖ്യാപനവും മുഖ്യമന്ത്രി നടത്തി. ഹരിതകർമ്മ സേനാംഗങ്ങൾക്ക് സുരക്ഷാകിറ്റ്, MCF കളിലെ കൺവയർ ബെൽറ്റ് സോർട്ടിങ്ങ് ടേബിൾ എന്നിവയുടെ വിതരണോദ്ഘാടനം മന്ത്രി MB രാജേഷ് നിർവഹിച്ചു.**

✪✪✪

സ്വച്ഛതാ ഹി സേവ ക്യാമ്പയിന്റെ ഭാഗമായി  നെഹ്‌റു യുവ കേന്ദ്ര സംഘാതന്റെ ആഭിമുഖ്യത്തിൽ  തിരുവനന്തപുരം ശംഖുമുഖം ബീച്ചിൽ സംഘടിപ്പിച്ചു. ശുചീകരണ യജ്ഞം കേന്ദ്ര സഹമന്ത്രി  ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു.

✪✪✪

'സ്വച്ഛത ഹി സേവ' ശുചിത്വ യജ്ഞം ഇനി മുടക്കം കൂടാതെ എന്നന്നേക്കും തുടരണമെന്നും, ഓരോ വ്യക്തിയും ഇതൊരു ശീലമാക്കി മാറ്റണമെന്നും കേന്ദ്ര  സഹ മന്ത്രി സുരേഷ് ഗോപി ആവശ്യപ്പെട്ടു. "സ്വച്ഛത ഹി സേവ"  കാമ്പെയ്നിന്റെ ഭാഗമായി തൃശ്ശൂർ തളിക്കുളം ബീച്ചിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡ് സംഘടിപ്പിച്ച ബീച്ച് ശുചീകരണ യജ്ഞം ഉദ്ഘാടനം ചെയ്യുകയായിരുന്നു  സുരേഷ് ഗോപി.  എല്ലാ മാലിന്യങ്ങളും കടലിലേക്ക് ഒഴുക്കുന്ന രീതി ഒരിക്കലും അനുവദിക്കരുതെന്നും  കടലോരങ്ങൾ വൃത്തിയായി സൂക്ഷിക്കേണ്ടത് അത്യാവശ്യമാണെന്നും  കേന്ദ്ര സഹമന്ത്രി പറഞ്ഞു.

✪✪✪

സ്വർണ്ണ കടത്ത് വിഷയത്തിൽ മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽ റിപ്പോർട്ട് ആവശ്യപെട്ട് കത്ത് നൽകുമെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ കോഴിക്കോട്ട് മാധ്യമങ്ങളോട് പറഞ്ഞു. ഫോൺ ചോർത്തൽ വിഷയത്തിൽ മുഖ്യമന്ത്രിയിൽ നിന്ന് റിപ്പോർട്ട് തേടി.  ഒരാഴ്ചയായിട്ടും കിട്ടിയില്ല. കുറച്ചുകൂടി കാത്ത് നിൽക്കും. കിട്ടിയില്ലെങ്കിൽ തുടർ നടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

മുഖ്യമന്ത്രിക്ക് അഭിമുഖം നൽകാൻ ഒരു ഏജൻസിയുടെയും ആവശ്യമില്ലെന്നും  മുഖ്യമന്ത്രിയെ ഒറ്റതിരി ഞ്ഞ് അക്രമിക്കാനാണ് ശ്രമം നടക്കുന്നതെന്നും മന്ത്രി P.A മുഹമ്മദ് റിയാസ് കണ്ണൂരിൽ പറഞ്ഞു.  ഇതിന് പിന്നിൽ രാഷ്ട്രീയമുണ്ട്. ഇടത്പക്ഷത്തെ തകർക്കണമെങ്കിൽ അതിന്റെ തല തകർക്കണം. അതിനാണ് മുഖ്യമന്ത്രിയെ ആക്രമിക്കുന്നത്.

അഭിമുഖം നൽകാൻ മുഖ്യമന്ത്രിക്ക് P.R ഏജൻസിയുടെ ആവശ്യമില്ല. മലപ്പുറം പ്രചരണത്തിന് പിന്നിൽ ജമാഅത്ത ഇസ്ലാമിയാണ്. UDF ന്റെ സ്ലീപ്പിങ്ങ് പാർട്ട്ണറാണ് ജമാഅത്ത ഇസ്ലാമിയാണെന്നും മന്ത്രി കുറ്റപ്പെടുത്തി.

✪✪✪

മുഖ്യമന്ത്രിയുടെ PR നടത്തുന്നത് ആരാണെന്നറിയാൻ ജനങ്ങൾക്ക് അവകാശമുണ്ടെന്ന് BJP സംസ്ഥാന പ്രസിഡണ്ട് K.സുരേന്ദ്രൻ പറഞ്ഞു. അതിന് പണം എവിടെ നിന്നാണ് കൊടുക്കുന്നതെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണമെന്നും കൊച്ചിയിൽ അദ്ദേഹം ആവശ്യപ്പെട്ടു. ജനങ്ങളുടെ നികുതി പണമാണ് എടുത്തുകൊടുക്കുന്നതെങ്കിൽ അത് പരിശോധനക്ക് വിധേയമാക്കണം.

മുഖ്യമന്ത്രി ഇംഗ്ലീഷ് പത്രത്തിന് മാത്രം പ്രസ്താവന കൊടുത്തത് ദുരുദ്ദേശപരമാണെന്നും സുരേന്ദ്രൻ കുറ്റപ്പെടുത്തി. മുഖ്യമന്ത്രി പിണറായി വിജയന്റെ വിശ്വാസ്യത കേരളത്തിൽ വട്ടപ്പൂജ്യമാണെന്നും, അധികാരത്തിൽ തുടരാൻ അദ്ദേഹത്തിന് ഒരവകാശവുമില്ലെന്നും സുരേന്ദ്രൻ പറഞ്ഞു. മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് മറ്റന്നാൾ എല്ലാ ജില്ലാ കേന്ദ്രങ്ങളിലേക്കും ബഹുജന മാർച്ച് നടത്തുമെന്നും സുരേന്ദ്രൻ അറിയിച്ചു.

✪✪✪

പുനെയ്ക്കടുത്ത് ബവ്ധനിൽ രാവിലെ സ്വകാര്യ ഹെലികോപ്ടർ തകർന്ന് മൂന്ന് പേർ മരിച്ചു. രണ്ട് പൈലറ്റുമാരും ഒരു എൻജിനീയറുമാണ് മരിച്ചത്- ഹെറിറ്റേജ് ഏവിയേഷൻ ഹെലികോപ്ടറാണ് തകർന്നത്.

✪✪✪

വൈദ്യുതി ഓട്ടോറിക്ഷകൾക്ക് 25 ശതമാനം സബ്സിഡി നൽകുന്ന നയം തുടരാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചു. ഇതുവരെ 3,667 E - ഓട്ടോകൾക്ക് 11 കോടി രൂപ സബ്സിഡി നൽകിക്കഴിഞ്ഞു. മറ്റ് ആയിരം E- ഓട്ടോകൾക്ക് നടപ്പുവർഷം മൂന്ന് കോടി രൂപ സബ്സിഡി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം 96 E- ഓട്ടോകൾക്കാണ് 30,000 രൂപ വീതം സബ്സിഡി വിതരണം ചെയ്തത്. വിലയുടെ നാലിലൊന്നോ , പരമാവധി 30,000 രൂപയോ ആണ് സബ്സിഡി തുക.

✪✪✪

സംസ്ഥാനത്ത് പുതിയതായി നിർമിച്ച 30 സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനവും 12 കെട്ടിടങ്ങളുടെ തറക്കല്ലിടലും ശനിയാഴ്ച രാവിലെ തിരുവനന്തപുരം ശ്രീകാര്യം GHSSൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. കിഫ്ബിയുടെ മൂന്നു കോടി രൂപയുടെ ധനസഹായത്തോടെ എട്ട് കെട്ടിടങ്ങളും ഒരു കോടി രൂപ ധനസഹായത്തോടെ 12 സ്കൂൾ കെട്ടിടങ്ങളുമാണ് നിർമിച്ചിരിക്കുന്നത്.

✪✪✪

കണ്ണൂർ ജില്ലയിൽ ഗതാഗത - ടൂറിസം രംഗത്ത് വലിയ മുന്നേറ്റമാണ് ഉണ്ടായതെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. ദേശീയ പാതയിൽ മേലെചൊവ്വയിൽ മേൽപാലം വരുന്നതോടെ ഈ പ്രദേശത്ത് അനുഭവപ്പെടുന്ന ഗതാഗത കുരുക്കിന് ശമനമുണ്ടാകും. ദേശീയ പാത 66 ന്റെ നിർമ്മാണപുരോഗതി എല്ലാ മാസവും വിലയിരുത്തി വരികയാണ്. സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കു മെന്നും അദ്ദേഹം പറഞ്ഞു. കണ്ണൂർ ഗസ്റ്റ്ഹൗസിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് തിരുവനന്തപുരം കൊമ്പൻസ്, മലപ്പുറം FC യുമായി ഏറ്റുമുട്ടും. രാത്രി ഏഴരയ്ക്ക് തിരുവനന്തപുരം ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് മുംബൈ സിറ്റി, ബംഗളൂരുവിനെ നേരിടും. രാത്രി ഏഴരക്ക് മുംബൈയിലാണ് മത്സരം.

✪✪✪

കോഴിക്കോട് ജില്ലയിൽ മലമ്പനി പകർത്തുന്ന അനോഫിലിസ് കൊതുകിന്റെ സാന്ദ്രത കൂടിയ പ്രദേശങ്ങൾ കണ്ടെത്തിയ സാഹചര്യത്തിലും മലമ്പനി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിലും ജനങ്ങൾ ജാഗ്രത പുലർത്തണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. N രാജേന്ദ്രൻ അറിയിച്ചു.

ജില്ലാ വെക്ടർ നിയന്ത്രണ യൂണിറ്റിന്റേയും കോർപ്പറേഷൻ ആരോഗ്യ വിഭാഗത്തിന്റേയും ആഭിമുഖ്യത്തിൽ രക്തപരിശോധന, എല്ലാ വാർഡുകളിലും കൂത്താടി നശീകരണം, ബോധവൽക്കരണം എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെന്നും DMO അറിയിച്ചു.

✪✪✪

കണ്ണൂർ ആറളം ഫാം മരംമുറിയുമായി ബന്ധപ്പെട്ട് ജില്ലാ നിയമ ഓഫീസറുടെ നിർദ്ദേശപ്രകാരം പോലീസിൽ പരാതി നൽകിയതായി ഫാം മാനേജിംഗ് ഡയറക്ടർ കൂടിയായ സബ്കളക്ടർ കാർത്തിക് പാണിഗ്രാഹി അറിയിച്ചു. മരംമുറി നടന്ന സ്ഥലം സബ് കലക്ടർ സന്ദർശിച്ചു.

✪✪✪

കോഴിക്കോട് കേസരി ഭവനിൽ നവരാത്രി സർഗ്ഗോത്സവത്തിന് മുന്നോടിയായി മഹാ സാരസ്വതി പൂജ നടന്നു.

നവരാത്രി സർഗ്ഗോത്സവത്തിന്റെ ഔപചാരിക ഉദ്ഘാടനം നാളെ രാവിലെ ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാൻ നിർവ്വഹിക്കും. ഇതോടെ പത്തുദിവസങ്ങളിലായി നടക്കുന്ന കോഴിക്കോട് സർഗ്ഗോത്സവത്തിന് തിരിതെളിയും.

✪✪✪

47-ാമത് സൂര്യാ ഫെസ്റ്റിവലിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാവും. ടാഗോർ തിയറ്ററിൽ റീമ കല്ലിങ്കലും 10 നർത്തകിമാരും ചേർന്ന് അവതരിപ്പിക്കുന്ന നൃത്തശിൽപ്പത്തോടെയാണ് 111 ദിവസത്തെ സാംസ്കാരികോത്സവം തുടങ്ങുന്നത്.

✪✪✪

കളമശ്ശേരിയിലെ ഗതാഗത പരിഷ്കാരം നിലവിൽ വന്നു. ആലുവ ഭാഗത്തുനിന്ന് വരുന്ന വാഹനങ്ങൾ പഴയ നാഷണൽ ഹൈവേയിലൂടെ HMT ജംഗ്ഷൻ വഴി TVS ജംഗ്ഷനിൽ എത്തി യാത്ര തുടരണമെന്ന് അധികൃതർ നിർദ്ദേശിച്ചു. കാക്കനാട്, മെഡിക്കൽ കോളേജ് എന്നീ ഭാഗങ്ങളിൽ നിന്ന് വരുന്ന വാഹനങ്ങൾ HMT കവലയിൽ നിന്ന് ഇടത്തോട്ട് തിരിഞ്ഞ് TVS കവലയിലെത്തി പോകണം.

✪✪✪

പ്രമുഖ കലാപ്രവർത്തകൻ പുരുഷു കാക്കൂർ നിര്യാതനായി. 73 വയസ്സായിരുന്നു. റിട്ടയേർഡ് ഹെഡ് സർവ്വയർ, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് സംസ്ഥാന കലാ ട്രൂപ്പ് അംഗം, കാക്കൂർ ഗ്രാമ പഞ്ചായത്ത് മെമ്പർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിരുന്നു. സംസ്കാരം ഉച്ചക്ക് കാക്കൂർ തറവാട്ട് വീട്ടുവളപ്പിൽ നടത്തും.

✪✪✪

സ്വർണ വില വർധിച്ചു. പവന് 200 രൂപ വർധിച്ച് 56,800 രൂപയായി. 7,100 രൂപയാണ് ഇന്നത്തെ ഗ്രാംവില.

✪✪✪